സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിലാക്കിയ തൃശൂർ ജില്ലയിലെ പഞ്ചായത്തുകൾ

132 (2264) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ ശുചിത്വ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട തൃശൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി തുടങ്ങി എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയ ഏതൊക്കെ പഞ്ചായത്തുകളിൽ ആവശ്യമുള്ള എല്ലാവർക്കും കക്കൂസ് നിർമ്മിച്ചു കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(സി) സോഷ്യോ എക്കണോമിക് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുദ്ധജല വിതരണത്തിന്റെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെടുത്തി കക്കൂസ് നിർമ്മാണം പുരോഗമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ മാതൃകാ ശുചിത്വ ഗ്രാമപരിപാടി തൃശൂർ ജില്ലയിൽ മറ്റത്തൂർ, ആളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

(ബി) മറ്റത്തൂർ ഗ്രാമ പഞ്ചായത്തിൽ 2800 ഉം ആളൂർ ഗ്രാമപഞ്ചായത്തിൽ 750 ഉം കക്കൂസുകൾ പണി കഴിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തുകളിൽ ആവശ്യമുള്ള എല്ലാവർക്കും കക്കൂസ് നിർമ്മിച്ചു നൽകാൻ കഴിഞ്ഞിട്ടില്ല.

(സി) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനും കെ.ആർ. ഡബ്ല്യൂ. എസ്. എ.-യും ചേർന്ന് സംയുക്തമായി നടപ്പാക്കുന്ന 'ജലനിധി' പദ്ധതിയുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം നടക്കുന്നില്ല.

ഗ്രാമവികസന വകുപ്പിലെ തസ്തികകൾ വെട്ടിക്കുറയ്ക്കലും പുനർവിന്യാസവും

133 (2265) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമവികസനവകുപ്പിലെ 388 ക്ലാർക്ക് തസ്തികകൾ ഉൾപ്പെടെ 696 തസ്തികകൾ വെട്ടിക്കുറയ്ക്കുവാനും പുനർവിന്യാസം വഴി മറ്റ് വകുപ്പുകളിൽ നിയമിക്കാനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇപ്രകാരം തസ്തികകൾ വെട്ടിക്കുറയ്ക്കുമ്പോൾ ഗ്രാമവികസന വകുപ്പിന്റെ ഓഫീസുകളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ബ്ലോക്കു പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് വകുപ്പിലേക്ക് തിരിച്ചയച്ച ജൂനിയർ സൂപ്രണ്ടിന്റേയും ക്ലാർക്കിന്റേയും ഒഴിവുകളിലേക്ക് ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഡി. ആർ. ഡി. എ. കളുടെ ഭരണ ചെലവുകൾ കേന്ദ്ര സർക്കാർ നൽകുന്ന സാഹചര്യത്തിൽ ഡി. ആർ. ഡി. എ. കളിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാനുള്ള നിർദ്ദേശം പിൻവലിക്കുമോ ; ഡി. ആർ. ഡി. എ. കളിൽ കേന്ദ്ര നിർദ്ദേശാനുസരണമുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുമോ ;

(ഡി) ഗ്രാമവികസനകമ്മീഷണറേറ്റിൽ ജോലി ചെയ്യുന്ന സെക്രട്ടേറിയേറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് വകുപ്പ് ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

(സി) ഡി. ആർ. ഡി. എ. കളിലെ ജീവനക്കാരെ കുറയ്ക്കുവാനുള്ള നിർദ്ദേശം നിലവിലില്ല. കേന്ദ്രനിർദ്ദേശാനുസരണമുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്ന കാര്യം പരിശോധനയിലാണ്.

(ഡി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്നതിനുള്ള സെൻസസ്

134 (2266) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്നതിനുള്ള സെൻസസ് എടുക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഈ വിഭാഗത്തെ നിർണ്ണയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) ഈ മാനദണ്ഡങ്ങളനുസരിച്ച് സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly